അംബേദ്കർ ഗ്രാമങ്ങളുടെ വികസനം

7 (*186)ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങളുടെ വികസനം സംബന്ധിച്ച് ഗവണ്മെന്റ് ആവിഷ്കരിച്ച കർമ്മ പരിപാടികളുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കർമ്മപരിപാടികൾ നടപ്പാക്കിയതിലെ പുരോഗതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങളുടെ വികസനത്തിനായി ഓരോ വർഷവും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓരോ വർഷവും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിച്ച് വികസന പദ്ധതികളെല്ലാം പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കുമോ;

(ഇ) സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങളിലെ വികസന പദ്ധതികളുടെ നടത്തിപ്പിനായി വിവിധ വകുപ്പുകൾ ഉൾക്കൊള്ളുന്ന ജില്ലാ ഏകോപനസമിതികൾ രൂപീകരിച്ചുവോ; എങ്കിൽ പ്രസ്തുത ഏകോപന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(എഫ്)സംസ്ഥാനത്തെ അംബേദ്കർ ഗ്രാമങ്ങളുടെ സമഗ്രവികസനം സംബന്ധിച്ച് കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ?.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് അംബേദ്കർ ഗ്രാമപദ്ധതി ആസൂത്രണം ചെയ്തത്. അതനുസരിച്ച് ഓരോ അംബേദ്കർ ഗ്രാമത്തിലും നടപ്പാക്കാനുള്ള പദ്ധതികളുടെ ആക്ഷൻ പ്ളാനും തയ്യാറാക്കിയിരുന്നു. ഈ ആക്ഷൻ പ്ളാൻ പ്രകാരം മിക്കവാറും പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. സാങ്കേതികമായി നടപ്പാക്കാൻ ബുദ്ധിമുട്ടുള്ള ചില പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിക്ക് 93-94 വർഷം മുതൽ തുക വക കൊള്ളിച്ചിരുന്നില്ല. എന്നാൽ ആരംഭിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ഐ. എച്ച്.ഡി.പി. സ്പിൽ ഓവർ വർക്കിനോടൊപ്പം അംബേദ്കർ ഗ്രാമങ്ങളിൽ പൂർത്തിയാകാത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിലേക്കായി 97-98 മുതൽ ബഡ്ജറ്റിൽ എസ്.സി.പി. ഫണ്ടിനത്തിൽ തുക വകയിരുത്തി വരുന്നുണ്ട്. ഈ തുക വിനിയോഗിച്ച് പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തിയാക്കുകയാണ് ഉദ്ദേശം.

201/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്.

(ഇ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി-ജില്ലാ കളക്ടർ മറ്റു വിവിധ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസർമാർ, പട്ടികജാതി പട്ടികവർഗ്ഗ എം.എൽ.എ.മാർ, പട്ടികജാതി/പട്ടികവർഗ്ഗ സാമൂഹ്യപ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ജില്ലാ വികസന സമിതികൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്.

(എഫ്)ഉണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു നടപ്പാക്കി വരുന്നു.

റോഡ് ഡെവലപ്മെന്റ് കോർപ്പറേഷന് മൂലധന സംഭരണം

8 (*187)ശ്രീ. എം. മുരളി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതുതരം പാലങ്ങളുടെയും റോഡുകളുടെയും വികസനമാണ് റോഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) കോർപ്പറേഷൻ ഫൈനാൻസ് ചെയ്ത് പണി ചെയ്യുന്ന റോഡു കളുടെയും പാലങ്ങളുടെയും മുടക്കുമുതൽ ഈടാക്കാൻ സെസ് പിരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ വഹിക്കാനുള്ള റിസോഴ്സ് എന്താണെന്ന് വിശദമാക്കുമോ;

(ഡി) സർക്കാരിന് വാഹന ടാക്സ് അടയ്ക്കുന്ന ഉടമകൾ റോഡ് ടാക്സും പാലത്തിനുള്ള ടോളും, പാർക്കിംഗ് ഫീസും ഓരോ ദിവസവും നൽകേണ്ടിവരുന്ന സ്ഥിതി വിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)-(സി) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും സമ ഗ്രവികസനം ലക്ഷ്യമാക്കി ഒരു റോഡ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോർപ്പറേഷനെ ഉടൻ തന്നെ പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതഗതി യിൽ പുരോഗമിക്കുന്നുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും പണം സ്വരൂപിച്ച് കൂടുതൽ റോഡുകളുടെയും പാല ങ്ങളുടെയും പണികൾ ഏറ്റെടുക്കാനാണ് കോർപ്പറേഷന്റെ രൂപീകരണം കൊണ്ടുദ്ദേശിക്കുന്നത്. ഇങ്ങനെ ധനസമാഹരണം നടത്തുമ്പോൾ അത് തിരി ച്ചടയ്ക്കേണ്ട മാർഗ്ഗങ്ങൾകൂടി ആരായേണ്ടതുണ്ട്. ടോൾപിരിവ് വരുമാന സ്വരൂ പണത്തിന്റെ ഒരു മാർഗ്ഗം മാത്രമാണ്. റോഡു വികസനത്തിന് സമർപ്പിതമായ നികുതി പിരിയ്ക്കലിനും വർദ്ധിച്ച തോതിൽ റോഡു സംബന്ധമായ വരു മാനം കണ്ടെത്തുന്നതിനുമുള്ള സാധ്യതകൾ ഗവണ്മെന്റ് ആരാഞ്ഞു കൊണ്ടി രിക്കുകയാണ്. നിർദ്ദിഷ്ട കോർപ്പറേഷന്റെ ധനസഹായർത്ഥം 1999-2000 ആണ്ടത്തെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി ബഡ്ജറ്റിൽ 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബോണ്ടുകൾ, കടപ്പത്രങ്ങൾ, വിനിമയ പത്രങ്ങൾ, വാഗ്ദാന

LIBRARY ARCHIVES Kerala Legislative Assembly